ഇനി ആവർത്തിക്കാതിരിക്കാൻ താഴെപറയുന്ന നിബന്ധനകൾ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വാഹനങ്ങളുടെ പെർമിറ്റിന് ബാധകമാക്കണമെന്ന് എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് അതോറിറ്റിക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

1. ഒരു വിദ്യാഭ്യാസ സ്ഥാപനത്തിന്റെയോ അതോ വാടകയ്ക്ക് എടുക്കുന്നതോ ആയ ബസ്സിന്റെ ഡ്രൈവർക്ക് പത്ത് വർഷത്തിൽ കുറയാത്ത ഡ്രൈവിംഗ് പരിചയം ഉണ്ടായിരിക്കണം.

2. വിദ്യാഭ്യാസ സ്ഥാപനത്തിലെ ബസ്സിന്റെ ഡ്രൈവർ അശ്രദ്ധമായോ, അപകടകരമായോ, മദ്യപിച്ചോ വാഹനം ഓടിച്ചതിന് ശിക്ഷിക്കപ്പെട്ട വ്യക്തിയാകരുത്.

3. വിദ്യാഭ്യാസ സ്ഥാപനത്തിന്റെ വാഹനത്തിന് സ്പീഡ് ഗവേർണർ ഘടിപ്പിച്ചിരിക്കണം. വേഗതാ പരിധി 40 കി. മീ./മണിക്കൂർ ആയിരിക്കണം.

4. വിദ്യാഭ്യാസ സ്ഥാപനത്തിനുവേണ്ടി ഉപയോഗിക്കുന്ന വാഹനത്തിന് 1-6-2004-ന് മുമ്പായി സ്പീഡ് ഗവേർണർ ഘടിപ്പിച്ചിരിക്കണം.

5. ശാരീരികക്ഷമതയുള്ള ഒരോ അറ്റന്റന്റ് വാഹനത്തിന്റെ ഓരോ വാതിലിലും ഉണ്ടായിരിക്കണം.

6. വിദ്യാഭ്യാസ സ്ഥാപനത്തിന്റെ ബസ്സിൽ കയറ്റാവുന്ന യാത്രക്കാരുടെ എണ്ണം കേരള മോട്ടോർ വാഹന ചട്ടത്തിന്റെ 221 ചട്ടത്തിൽ പറഞ്ഞിരിക്കുന്നതിൽ കൂടാൻ പാടില്ല. (12 വയസ്സിൽ താഴെയുള്ള കുട്ടികൾ പകുതിയായും മുകളിലുള്ള കുട്ടികൾ ഒന്നായും കണക്കാക്കി പാസഞ്ചർ കപ്പാസിറ്റി നിശ്ചയിക്കണം).

7. വിദ്യാഭ്യാസ സ്ഥാപനത്തിന്റെ വാഹനത്തിൽ എല്ലാ ഡോറിലും ഷട്ടർ നിർബന്ധമാണ്.

ആർ. ടി. ഒ. മാരുടെ സ്ഥലംമാറ്റം

92 [1298] ശ്രീ. ടി. പി. രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ആർ.ടി.ഒ.-മാരുടെ സ്ഥലംമാറ്റത്തിൽ കൈക്കൊള്ളുന്ന മാനദണ്ഡമെന്താണെന്ന് വ്യക്തമാക്കാമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര ആർ.ടി.ഒ.-മാരെ സ്ഥലംമാറ്റിയിട്ടുണ്ടെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) മോട്ടോർ വാഹന വകുപ്പിൽ ജി. ഒ. (ആർ.ടി.) നമ്പർ 129/2002/ട്രാൻ. തീയതി 10-5-2002-ലെ മാനദണ്ഡമനുസരിച്ച് ഒരു സ്റ്റേഷനിൽ ഒരു വർഷം പൂർത്തിയാക്കിയ ആർ.ടി.ഒ.-മാരെയാണ് സ്ഥലംമാറ്റുന്നത്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആകെ 5 ആർ.ടി.ഒ.-മാരെ സ്ഥലം മാറ്റിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly